# അലങ്കാരമത്സ്യങ്ങളിൽ വെൽവെറ്റ് രോഗം

**മത്സ്യം**

**ഡോ. പി.എ. വികാസ്**
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ, കൊച്ചി. e-mail: kvkernakulam@yahoo.co.in



*? എന്റെ അക്വേറിയത്തിൽ വളരുന്ന മത്സ്യങ്ങളിൽ വെൽവെറ്റ് പോലുള്ള പൊടി കാണുന്നു. ഇത് എന്താണ്. ചികിത്സയെന്ത്.*

**വി. രാമചന്ദ്രൻ**, തൊളിക്കോട്

● ഇത് വെൽവെറ്റ് അസുഖത്തിന്റെ ലക്ഷണമാണ്. പിസിനോഡിനിയം എസ്പി എന്ന ഡൈനോ ഫ്ലാജെലേറ്റ് പരാദമാണ് രോഗകാരണം. പുതിയതായി വാങ്ങുന്ന മത്സ്യങ്ങളെയോ ചെടികളെയോ പ്രത്യേക ടാങ്കുകളിലിട്ട് രോഗവാഹികളല്ലെന്ന് ഉറപ്പാക്കാതെ, നേരിട്ട് അക്വേറിയത്തിലേക്ക് ഇടുമ്പോഴാണ് അക്വേറിയത്തിൽ രോഗകാരണമായ പരാദങ്ങൾ കടന്നുകൂടുന്നത്. അക്വേറിയത്തിൽ അടിഞ്ഞുകൂടുന്ന അഴുക്കുകൾ യഥാസമയം വൃത്തിയാക്കാതിരുന്നാലും പരാദബാധയുണ്ടാകും. രോഗം വളരെ വേഗം പടർന്നുപിടിക്കും.

വെൽവെറ്റ് അസുഖത്തിന് പലതരം ചികിത്സാരീതികളുണ്ട്. ഏറ്റവും ഫലപ്രദം ഹൈഡ്രജൻ പെറോക്സൈഡ് ഉപയോഗിച്ചുള്ള ചികിത്സയാണ്. അസുഖമുള്ള മത്സ്യങ്ങളെ ജലം നിറച്ച മറ്റൊരു ഗ്ലാസ് ടാങ്കിലേക്ക് മാറ്റുകയാണ് ആദ്യ പടി. ടാങ്കുകൾക്ക് അടിയിൽ മണലോ മറ്റു സാധനങ്ങളോ ഇല്ലെന്ന് ഉറപ്പുവരുത്തണം. തുടർന്ന് ഈ ടാങ്കിൽ എയറേഷൻ കൊടുക്കുക. വിപണിയിൽ ലഭിക്കുന്ന ഹൈഡ്രജൻ പെറോക്സൈഡ് വാങ്ങി 50 പിപിഎം എന്ന തോതിൽ ടാങ്കിലേക്ക് ഒഴിക്കണം. 24 മണിക്കൂറിനുശേഷം പരിശോധിക്കുമ്പോൾ, തരിതരിപോലെ മത്സ്യങ്ങളുടെ ഉപരിതലത്തിൽ കണ്ട വെളുത്ത പൊടി പോയതായി കാണാം. മുഴുവനായും പോയിട്ടില്ലെങ്കിൽ 40 ppm അളവിൽ 24 മണിക്കൂർ കൂടി ഇത്തരത്തിൽ ചികിത്സിക്കണം.

ഹൈഡ്രജൻ പെറോക്സൈഡ് ജലത്തിൽ എത്തിയാൽ വെൽവെറ്റ് രോഗകാരികളായ പരാദങ്ങളെയും മറ്റും കൊല്ലുകയും ജലം അണുവിമുക്തമാക്കുകയും ചെയ്യും. ജലത്തിലെ ഓക്സിജന്റെ സാന്ദ്രത വർധിപ്പിക്കുന്നതുമാണ്. ഈ ചികിത്സാരീതിയിൽ രോഗവാഹികളായ ട്രോഫോണ്ടുകളും ടോമോണ്ടുകളും നശിപ്പിക്കപ്പെടുന്നു. പരാദങ്ങൾ പൂർണമായും മാറി എന്നുറപ്പുവരുത്തിയശേഷം മത്സ്യങ്ങളെ അക്വേറിയത്തിലേക്കു തിരിച്ചിടാം.